PROCEEDINGS OF
THE KERALA LEGISLATIVE ASSEMBLY

Second Session—1963.
(Second Meeting)

Wednesday, the 20th November, 1963

The Assembly met in the Assembly Chamber, Trivandrum, at Eight of the Clock on Wednesday, the 20th November 1963 with Mr. Speaker in the Chair.

SHORT NOTICE QUESTIONS AND ANSWERS

(The number within brackets indicates the number in the list of admitted questions for the day)

ORAL ANSWERS

ദേശവൽക്കരിച്ച റൂട്ടുകൾ

* 891. [34] ശ്രീ. കെ. ആർ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗതവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എറണാകുളം—ആലുവാ ട്രാൻസ്പോർട്ട് ഡിസ്ട്രിക്റ്റിൽ 1960-നു ശേഷം ഏതൊക്കെ റൂട്ടുകൾ ദേശവൽക്കരിച്ചു ;

(ബി) പ്രസ്തുത റൂട്ടുകൾ ദേശവൽക്കരിച്ചശേഷം ഇന്നുവരെ എത്ര പ്രൈവറ്റ് ഉടമകൾക്ക് ടി റൂട്ടിൽ പെർമിറ്റ് നിഷേധിച്ചു ;

(സി) ഇതുമൂലം എത്ര പ്രൈവറ്റ് ബസ്സുകൾ റൂട്ടിൽ ഓടാതായി ;

(ഡി) ഈ റൂട്ടുകളിൽനിന്നും മാറ്റപ്പെട്ട ബസ്സുകളുടെ സ്ഥാനത്തേക്ക് സ്റ്റേറ്റ് ട്രാൻസ്പോർട്ട് ബസ്സുകൾ കൂടുതലായി ഓടിക്കാൻ വല്ല നടപടിയും സ്വീകരിച്ചിട്ടുണ്ടോ ;

(ഇ) ആലുവാ-കുര്യാപ്പള്ളി, ആലുവാ-പാത്തനാട് റൂട്ടിൽ ബസ്സുകളുടെ പോരായ്മയെ ചൂണ്ടിക്കാണിച്ച് വല്ല പരാതിയും ലഭിച്ചിട്ടുണ്ടോ ;

(എഫ്) ഉണ്ടെങ്കിൽ എന്തു നടപടി സ്വീകരിച്ചു ?

2/749/V

LIBRARY ARCHIVES Kerala Legislative Assembly

ഗതാഗതവും തൊഴിലുംവകുപ്പുമന്ത്രി (ശ്രീ. കെ. ടി. അച്യുതൻ):

(എ) ദേശവൽക്കരിച്ച റൂട്ടുകളുടെ വിവരമടങ്ങിയ ലിസ്റ്റ് മേശപ്പുറത്തു വച്ചിട്ടുണ്ട്.†

(ബി) 8 (എട്ട്) പ്രൈവറ്റ് ഉടമകൾക്ക്.

(സി) 3 (മൂന്ന്).

(ഡി) ദേശവൽക്കരിച്ച റൂട്ടുകളിൽ പൊതുജനങ്ങളുടെ ആവശ്യാനുസരണം ബസ്സുകൾ ഓടിക്കുന്നുണ്ട്.

(ഇ) ഉണ്ട്.

(എഫ്) ദേശവൽക്കരണ പദ്ധതിയനുസരിച്ച് ആലുവാ—കുര്യാപ്പള്ളി റൂട്ടിലേക്ക് മൂന്നു ബസ്സ് പെർമിറ്റുകളും, ആലുവാ-ചാത്തനാട് റൂട്ടിലേക്ക് രണ്ടു ബസ്സ് പെർമിറ്റുകളും ആർ. ടി. ഏ. നൽകിയിട്ടുണ്ട്.

ശ്രീ. കെ. ആർ. വിജയൻ : ദേശവൽക്കരിച്ച റൂട്ടുകളിൽ ഓടിക്കൊണ്ടിരുന്ന പല പ്രൈവറ്റ് ബസ്സ് ഉടമകളുടെയും ലൈസൻസ് പുതുക്കിക്കൊടുക്കാതെ നിറുത്തിക്കളയുകയുണ്ടായി. എന്നാൽ തൽസ്ഥാനത്തു് വേണ്ടിടത്തോളം സ്റ്റേറ്റ് ട്രാൻസ്പോർട്ട് ബസ്സുകൾ ഓടിക്കാത്തതുകൊണ്ട് പൊതുജനങ്ങൾക്ക് വളരെയധികം ബുദ്ധിമുട്ടുണ്ട് എന്നുള്ളതിനെ പരിഗണിച്ച് ആവശ്യാനുസരണം ബസ്സുകൾ ഓടിക്കുന്നതിനുവേണ്ട നടപടികൾ എടുക്കാൻ ദയവുണ്ടാകുമോ ?

ശ്രീ. കെ. ടി. അച്യുതൻ : അങ്ങനെതന്നെയാണ് ആലോചിക്കുന്നതു്. പ്രൈവറ്റു ബസ്സുകൾ നിറുത്തിക്കഴിഞ്ഞാൽ പൊതുജനങ്ങളുടെ സൗകര്യമനുസരിച്ച് കൂടുതൽ ട്രാൻസ്പോർട്ട് ബസ്സുകൾ ഓടിക്കാൻ നടപടികൾ എടുക്കുന്നുണ്ട്.

ശ്രീ. കെ. ഹസ്സൻ ഗനി : ദേശവൽക്കരിച്ച റൂട്ടുകളിലുള്ള കാളിഫിക്കേഷനുള്ള തൊഴിലാളികളിൽ എത്ര ശതമാനം പേർക്ക് സ്റ്റേറ്റ് ട്രാൻസ്പോർട്ട് ഡിപ്പാർട്ടുമെൻറിൽ ജോലി നൽകിയിട്ടുണ്ടെന്നു പറയാമോ ?

ശ്രീ. കെ. ടി. അച്യുതൻ : ഓർമ്മയിൽനിന്നു പറയാൻ സാദ്ധ്യമല്ല.

ശ്രീ. മൊഹസിൻ ബിൻ അഹമ്മദ് : കേരളത്തിന്റെ വടക്കേ ജില്ലകളിൽ താരതമ്യേന ട്രാൻസ്പോർട്ട് സർവ്വീസ് കുറവായതുകൊണ്ട് അവിടത്തെ പൊതുജനങ്ങൾ അനുഭവിക്കുന്ന കഷ്ടപ്പാടുകൾ ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ വളരെ പ്രധാനപ്പെട്ട റൂട്ടുകളായ പെരുന്തൽമണ്ണ, മഞ്ചേരി, തിരൂരങ്ങാടി എന്നീ റൂട്ടുകൾ ദേശവൽക്കരിക്കാനുള്ള ശ്രമം ഗവണ്മെൻറു ചെയ്യുമോ ? അങ്ങനെ ദേശവൽക്കരിക്കാൻ വിഷമമുണ്ടെങ്കിൽ പ്രധാനപ്പെട്ട ഈ റൂട്ടുകളിൽ ഫാസ്റ്റു പാസഞ്ചർ സർവ്വീസ് തുടങ്ങാൻ ശ്രമിക്കുമോ ?

ശ്രീ. കെ. ടി. അച്യുതൻ : ഒടുവിൽ പറഞ്ഞ കാര്യത്തെപ്പറ്റി അനുകൂലമായി പരിഗണിക്കുന്നതാണ്.

ശ്രീ. ഈ. പി. ഗോപാലൻ : പെരുന്തൽമണ്ണ—ഗുരുവായൂർ ഓർഡിനറി സർവ്വീസ് നഷ്ടമാണെന്നുള്ള വിധത്തിൽ നിറുത്തിയപ്പോൾ തൃശ്ശൂരിൽ ഈയിടെ പുതിയ റൂട്ടുകളിൽ ട്രാൻസ്പോർട്ട് ബസ്സുകൾ ഓടിക്കാൻ അനുവാദം കൊടുത്തിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഇത്തരം റൂട്ടുകളിൽ പ്രൈവറ്റു ബസ്സുകാർ ഒന്നിലധികം തവണ ഓടിച്ച് നഷ്ടമാണെന്നു പറഞ്ഞു നിറുത്തിയിട്ടുള്ള റൂട്ടുകളിൽ ട്രാൻസ്പോർട്ട് ബസ്സുകൾ ഓടിച്ച് നഷ്ടപ്പെടുന്ന മുതലാളിമാർ എന്തിനാണ് ചെയ്യുന്നതു് ?

† Placed in the Library.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. ടി. അച്യുതൻ : തൃശ്ശൂരിൽ എത്ര റൂട്ടാണെന്നു് ഓമ്മയില്ല. പ്രൈവറ്റു് ബസ്സുകാർ നഷ്ടമാണെന്നു പറഞ്ഞു് നിറുത്തിയാൽ പൊതുജനങ്ങളുടെ സൗകര്യംനോക്കി ട്രാൻസ്പോർട്ടു് ബസ്സുകളും ഓടിക്കാറുണ്ടു്. അപ്പോഴും ലാഭം മാത്രമല്ല നോക്കുന്നതു്, യാത്രക്കാരുടെ സൗകര്യമാണു് പ്രധാനമായും കണക്കിലെടുക്കുന്നതു്.

ശ്രീ. ആർ. സുഗതൻ : പ്രൈവറ്റു് സർവ്വീസുകളും ദേശവൽക്കരിക്കുമ്പോൾ അവിടെയുള്ള തൊഴിലാളികളെ ട്രാൻസ്പോർട്ടു് സർവ്വീസിലേക്കു് എടുക്കാനുള്ള ദയവു് ഗവണ്മെൻറിനുണ്ടാകുമോ ?

ശ്രീ. കെ. ടി. അച്യുതൻ : പൊതുവെ അങ്ങനെ ട്രാൻസ്പോർട്ടിലേക്കു് എടുക്കാറുണ്ടു്. അങ്ങനെ എടുക്കാതെ വരികയാണെങ്കിൽ അവരെ സംബന്ധിച്ചിടത്തോളം അനുകൂലമായ നിലയിൽ യോഗ്യതയ്ക്കനുസരിച്ചു് ജോലി കൊടുക്കാനുള്ള ക്രമീകരണം ചെയ്യാറുണ്ടു്.

ശ്രീ. ഈ. പി. ഗോപാലൻ : ഫാസ്റ്റു് പാസഞ്ചർ മലബാർ ഭാഗത്തു് ചില ഭാഗങ്ങളിൽ ഓടിക്കാൻ ആലോചന നടത്തുന്നുണ്ടെന്നു പറഞ്ഞു. മിനിമം ചാർജ്ജു് ഫാസ്റ്റു് പാസഞ്ചറിൽ 40 നയാപൈസയാക്കി നിശ്ചയിച്ചിട്ടുള്ള ഈ ഘട്ടത്തിൽ, ഓർഡിനറി സർവ്വീസുകൾക്കു് മിനിമം ചാർജ്ജു് 10 നയാപൈസയാണെന്നുള്ളതിനെ മുൻനിറുത്തി ആ സൗകര്യം മലബാർ ഭാഗത്തുള്ള ആളുകൾക്കു് നിഷേധിക്കുന്നതു് എന്തിനാണു് ; മലബാർ ഭാഗത്തു് 40 നയാപൈസ മിനിമം ചാർജുള്ള ഫാസ്റ്റു് പാസഞ്ചർ സർവ്വീസേ ഓടിക്കുകയുള്ളൂ എന്ന നിർബ്ബന്ധം പിടിക്കാൻ എന്താണു കാരണം ?

ശ്രീ. കെ. ടി. അച്യുതൻ : നിർബന്ധമൊന്നുമില്ല. ഓരോ റൂട്ടുകളെ സംബന്ധിച്ചിടത്തോളവും പ്രൈവറ്റു് ഉടമകളോ, അല്ലെങ്കിൽ സർക്കാരോ ഓർഡിനറി സർവ്വീസു് ഓടിക്കുന്ന ഭാഗങ്ങളിലൊക്കെ കുറച്ചദൂരം പോകേണ്ടവർ ഈ ഓർഡിനറി സർവ്വീസിൽ പോകും. എന്നാൽ വളരെക്കൂടുതൽ ദൂരം പോകേണ്ടവരെ സംബന്ധിച്ചിടത്തോളം ഫാസ്റ്റു് പാസഞ്ചർ സർവ്വീസു് ആവശ്യമാണു്. റൂട്ടുകളിൽ തിരക്കു് കുറയ്ക്കാൻ ഈ രണ്ടുവിധ ബസ്സുകളും ഓടുന്നതു് സൗകര്യമാണു്.

ആലപ്പുഴയിലേയും, കൊല്ലത്തേയും ട്രാൻസ്പോർട്ട കാൻറീനുകൾ.

* 895. [35] ശ്രീ. ആർ. സുഗതൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ഗതാഗതവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊല്ലത്തെ ഡിസ്ട്രിക്റ്റു് ട്രാൻസ്പോർട്ടാഫീസിലെ കാൻറീൻ ഇപ്പോൾ നടക്കുന്നുണ്ടോ ;

(ബി) അവിടെ കാൻറീൻ പൂട്ടിയതുകൊണ്ടു് യാത്രക്കാർക്കും തൊഴിലാളികൾക്കും ഉണ്ടാകുന്ന പ്രയാസങ്ങൾക്കു് പരിഹാരം ഉണ്ടാകുമോ ;

(സി) ആലപ്പുഴയിലെ ട്രാൻസ്പോർട്ട കാൻറീനിൽ മഴയുള്ളപ്പോൾ ആസ്ബെസ്റ്റോസിൻെറ വിടവുവഴി ചോർന്നു് ഭക്ഷണപാനീയങ്ങളിൽ പെയിൻറിളകിയ വെള്ളം വീഴുന്ന എന്ന വസ്തുത ഗവണ്മെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ഉടനെ ഈ കാൻറീനിൻെറ മേൽക്കൂരയുടെ കേടുപാടു തീർക്കുമോ?

ഗതാഗതവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. കെ. ടി. അച്യുതൻ) :

(എ) ഇല്ല.

(ബി) കഴിയുന്നതുംവേഗം വീണ്ടും കാൻറീൻ നടത്തുന്നതിനുള്ള നിർദ്ദേശം നൽകിക്കഴിഞ്ഞു.

LIBRARY ARCHIVES Kerala Legislative Assembly